പഞ്ചായത്ത് ജീവനക്കാരുടെ ജി.പി.എഫ്. ടെമ്പററി അഡ്വാൻസ്

227 (1649) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ജീവനക്കാർക്ക് ജി.പി.എഫ്., കെ.പി.ഇ.പി.എഫ്. എന്നിവയിൽ നിന്നും ടെമ്പററി അഡ്വാൻസ് എടുക്കുവാൻ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടും ക്രെഡിറ്റ് കാർഡിനോടുമൊപ്പം പാസ്ബുക്ക് നിർബന്ധമാണോ ; പാസ്ബുക്ക് സമർപ്പിക്കാത്തതിന്റെ പേരിൽ റ്റി.എ. അനുവദിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് ജീവനക്കാർക്ക് ജി.പി.എഫ്, കെ.പി.ഇ.പി.എഫ്. എന്നിവയിൽ നിന്നും റ്റി.എ. അനുവദിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) നിർബന്ധമാണ്. എന്നാൽ പാസ്ബുക്ക് സമർപ്പിക്കാത്തതിന്റെ പേരിൽ റ്റി.എ. അനുവദിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പഞ്ചായത്ത് തലത്തിൽ പദ്ധതി ചെലവ്

228 (1650) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം ഫെബ്രുവരി 28 വരെ പഞ്ചായത്ത് തലത്തിൽ പദ്ധതി ഇനത്തിൽ എത്ര രൂപചെലവായി ; ശതമാനം ഉൾപ്പെടെ വിശദമാക്കാമോ ;

(ബി) 2015-16 വർഷത്തിലെ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പുവർഷം ഫെബ്രുവരി 28 വരെ പഞ്ചായത്ത് തലത്തിൽ പദ്ധതി ഇനത്തിൽ 136770.28 ലക്ഷം രൂപചെലവായി. ഇത് 48.98 ശതമാനമാണ്.

(ബി) 2015-16 വർഷത്തേക്ക് ഇതുവരെ 14063 പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly